LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് തയ്യാറാക്കിയ പ്രൊമോഷൻ ലിസ്റ്റ്

220 (5656) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് 2007-ന് ശേഷം തയ്യാറാക്കിയ പ്രൊമോഷൻ ലിസ്റ്റ് സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ദിനേശൻ എന്നയാളെ പരിഗണിച്ചിട്ടില്ല എന്ന പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. ദിനേശനെ 4-7-2008-ൽ പ്രസിദ്ധീകരിച്ച അസാധാരണ ഗസറ്റ്നമ്പർ 1413-ലെ പ്രൊമോഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2007-ൽ പ്രസിദ്ധീകരിച്ച പ്രൊമോഷൻ ലിസ്റ്റ് പുനഃപരിശോധിക്കുന്നതിലേക്കായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി രണ്ടുതവണ കൂടുകയും തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാമത്തെ റിവ്യൂ ഡി.പി.സി.യിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിന്റെ വിദഗ്ധാഭിപ്രായം ആരാഞ്ഞ് ആയതിൻ പ്രകാരം 14-7-2010-ന് വീണ്ടും ഡി.പി.സി. യോഗം കൂടുകയുണ്ടായി. തീരുമാനം അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നക്ഷത്രചിഹ്നമിടാത്ത 5599, 5601, 5603, 5604, 5605, 5615, 5618, 5621, 5622, 5623, 5625, 5627, 5628, 5629, 5632, 5633, 5634, 5635, 5636, 5637, 5638, 5639, 5640, 5642, 5645, 5647, 5648, 5649, 5650, 5654, 5655 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

II അടിയന്തര പ്രമേയം

നിയമനസ്തംഭനം

മി.സ്പീക്കർ : സംസ്ഥാനത്ത് പെൻഷൻ പ്രായം ഏകീകരിച്ചതോടുകൂടി ഇരുപതിനായിരത്തോളം പേർ ഒരുമിച്ച് വിരമിച്ച തസ്തികകൾ ഉണ്ടായിട്ടും 2010-11-ൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാമെന്ന ഉറപ്പ് പാലിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള നിയമന സ്തംഭനം സംബന്ധിച്ച് സഭാ നടപടികൾ നീർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, സി.ടി. അഹമ്മദ് അലി, പി. സി. ജോർജ്, കെ. പി. മോഹനൻ, കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, കഴിഞ്ഞ വർഷവും ഇതുപോലെ അടിയന്തര പ്രമേയം സഭയിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ പിന്നീടുള്ള അനുഭവം ഒരു അടിയന്തര സ്വഭാവമുള്ള ഒരു കാര്യവും ആ പ്രമേയത്തിന് ഉണ്ടായിരുന്നില്ലെന്ന് വ്യക്തമാക്കിയതാണ്. ഇന്നിപ്പോൾ പ്രമേയം അവതരിപ്പിച്ചുകൊണ്ടുള്ള കുറിപ്പിൽ പറഞ്ഞിരിക്കുന്നത് 2009-10-ൽ 6035 സൂപ്പർന്യൂമററി തസ്തികൾ സൃഷ്ടിക്കാനേ കഴിഞ്ഞുള്ളൂ എന്നുള്ളതാണ്. ഏതാണ്ട് പതിനെണ്ണായിരം പേർ റിട്ടയർ ചെയ്തു. അതിൽ എണ്ണായിരം പേർ അദ്ധ്യാപകരാണ്. അവരെ സംബന്ധിച്ചിടത്തോളം നേരത്തെതന്നെ റിട്ടയർമെന്റ് തീയതി ഏകീകരിച്ചതാണ്. അതുകൊണ്ട് അവിടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്ന പ്രശ്നമില്ല. ബാക്കി പതിനായിരത്തോളം വരുന്നവരാണ് ആറായിരത്തി മുപ്പത്തിയഞ്ചായിട്ടുള്ളത്. എന്നുവച്ചാൽ വർഷാവസാനത്തെ രണ്ട് മാസത്തെ, രണ്ട് മാസം കഴിയുമ്പോൾ ഒഴിവ് വരാൻ പോകുമ്പോൾ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് അതിലേക്ക് നീങ്ങണമോയെന്ന് ചില ഡിപ്പാർട്ടുമെന്റുകൾ ശങ്കിച്ചിട്ടുണ്ടാകാം. അതിൽ തന്നെ നിയമനം പൂർണ്ണമായും നടത്താൻ കഴിഞ്ഞില്ലെന്നാണ് പറയുന്നത്. എന്റെ അന്വേഷണത്തിൽ അത് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി ചെയർമാൻ റിപ്പോർട്ട് സമർപ്പിച്ചപ്പോഴും പറയുകയുണ്ടായി. കേരളത്തിൽ ഇന്ന് ഒഴിവ് നികത്തുന്നതിന് ശരാശരി വേണ്ടിവരുന്നത് രണ്ട് വർഷമാണ്. കഴിഞ്ഞ വർഷം 41,000-ൽപ്പരം നിയമനങ്ങൾ പി.എസ്.സി. നടത്തിയിട്ടുണ്ട്. അതുകൊണ്ട് കേരളത്തിൽ ഒരു നിയമന സ്തംഭനവും വന്നിട്ടില്ല. ഈ വർഷം രണ്ട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അനുഭവം കണക്കിലെടുത്തുകൊണ്ട് ഓരോ മാസവും രണ്ട് ഘട്ടമായിട്ട് ആദ്യത്തെ ആറ് മാസം വരുന്ന ഒഴിവുകളൊക്കെ സൂപ്പർന്യൂമററി തസ്തികകൾ ഒരുമിച്ച് സൃഷ്ടിക്കുക. രണ്ടാം ഘട്ടം വരുന്നതിനെല്ലാം ഒരുമിച്ച് രണ്ടാമത് രണ്ടാം പകുതിയിൽ സൃഷ്ടിക്കുക എന്നുള്ള നിലപാടാണ് സ്വീകരിക്കാൻ പോകുന്നത്. രണ്ടാമത് ഏപ്രിൽ 30 വരെയാണ് ഈ വർഷം ലിസ്റ്റുകളുടെ കാലാവധി നീട്ടിയത്. എന്നാൽ അടുത്ത വർഷം മേയ് 31 വരെ നീട്ടിക്കൊണ്ട് സർക്കാർ തീരുമാനിക്കുകയും പി.എസ്.സി. അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഒരു അടിയന്തര പ്രാധാന്യമുള്ള കാര്യം സഭ നിർത്തി ചർച്ച ചെയ്യേണ്ടുന്നതുമായ പ്രശ്നം ഇതിൽ അന്തർഭവിച്ചിട്ടില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2009-ലെ ഇക്കണോമിക് റിവ്യൂവിൽ അവസാനം ഇങ്ങനെ പറയുന്നുണ്ട് "45.2 lakhs employment seekers are there in the Live Register of Employment Exchanges'. അതിന്റെ നിൽക്കുമ്പോൾ പതിനായിരക്കണക്കിന് ചെറുപ്പക്കാർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് ഇന്ന് ജോലി ലഭിക്കും നാളെ ജോലി ലഭിക്കും എന്ന് കാത്തിരിക്കുന്ന ഒരു സാഹചര്യത്തിലാണ് 2009-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ ഏകീകരണം എന്ന വലിയ പ്രഖ്യാപനം അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയത്. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് തുല്യമാണ്, ചെറുപ്പക്കാരെ കബളിപ്പിക്കുകയാണ്, നിയമന സ്തംഭനം ഉണ്ടാകും, എന്ന് പറഞ്ഞപ്പോൾ അങ്ങ് പ്രഖ്യാപിച്ച ഒറ്റമൂലിയാണ്; ഇന്ന് അങ്ങ് വളരെ സമർത്ഥമായി അങ്ങോട്ടും ഇങ്ങോട്ടും ചാടി നിന്നെങ്കിലും അന്ന് ഇവിടെ നിന്ന് ശ്രീ. വി. ഡി. സതീശൻ അടക്കമുള്ളവരുടെ അടിയന്തര പ്രമേയത്തിന് അങ്ങ് നൽകിയ മറുപടിയിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഇക്കാര്യങ്ങളിലെല്ലാം പരിഹാരമുണ്ടാക്കുമെന്നാണ് പറഞ്ഞത്. ഇവിടെ കഴിഞ്ഞ വർഷം പെൻഷൻ പറ്റിയ വേക്കൻസികൾക്ക് സമാന്തരമായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ? അങ്ങ് ഇതിന് മറുപടി ഞങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇപ്പോൾ പറഞ്ഞു 6035 സൂപ്പർന്യൂമററി തസ്തികകൾ മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷം സൃഷ്ടിച്ചത്. ആ 6035-ൽ എല്ലായിടത്തും സൂപ്പർന്യൂമററി നിയമനം നടത്തി ആ സ്ഥിര നിയമനത്തിലേക്ക് പോയി എന്ന് അങ്ങ് തന്നെ പറയുകയുണ്ടായി. പക്ഷേ, സൂപ്പർന്യൂമററി തസ്തികയിൽ എല്ലാവർക്കും നിയമനം കൊടുക്കാൻ കഴിഞ്ഞിട്ടില്ല, ഡി.പി.സി. ലിസ്റ്റിന്റെ അഭാവത്തിൽ. സൂപ്പർന്യൂമററി തസ്തികയിൽ ഉള്ളവർക്കും സ്ഥിര നിയമനം കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് 13-7-2010-ൽ മുഖ്യമന്ത്രി ഈ സഭയിലെ ഒരംഗത്തിന് മറുപടി നൽകിയിട്ടുണ്ട്. അപ്പോൾ ആ സൃഷ്ടിച്ച 6035 തസ്തികയിൽ പോലും പൂർണ്ണമായും നിയമനം നടത്താൻ കഴിഞ്ഞില്ല. അങ്ങ് ആവർത്തിക്കുന്ന നാൽപത്തിഓരായിരത്തിന്റെ കണക്ക് ഞങ്ങൾ പരിശോധിച്ചു. പത്ത്, പന്ത്രണ്ടോളം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുണ്ട്. അതിൽ അഞ്ചും ആറും റാങ്ക്‌ലിസ്റ്റുകളിൽ ആളുകൾ വരും. അവർക്ക് ആറും എഴും അഡ്വൈസ് മെമ്മോ കിട്ടും. അത് കണക്കാക്കിയാണ് ഈ നാൽപ്പത്തി ഓരായിരത്തിന്റെ കണക്ക് അങ്ങ് പറയുന്നത്. അഡ്വൈസിന്റെ കണക്കാണ്. നിയമനം ലഭിച്ചവരുടെ കണക്ക് പരിശോധിക്കുമ്പോൾ അങ്ങ് പറഞ്ഞത് അവാസ്തവമാണ് എന്ന് സമ്മതിക്കേണ്ടിവരും. അതുമാത്രമല്ല ഈ വർഷം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച് ഞാൻ ഈ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂപ്പർന്യൂമററി തസ്തികയെ സംബന്ധിച്ച് 2009 ജൂലൈ നാലിലെ ഉത്തരവിനെക്കുറിച്ച് പരാമർശിക്കുമ്പോൾത്തന്നെ അദ്ദേഹം പിന്നീട് അതിൽനിന്ന് ഒരു ടിസ്റ്റ് നടത്തിയിട്ട് 31-3-2011 വരെ ഉണ്ടാകുന്ന ആന്റിസിപ്പേറ്റഡ് വേക്കൻസീസ് റിപ്പോർട്ട് ചെയ്യാൻ വേണ്ടി പറഞ്ഞിരിക്കുകയാണെന്നാണ് പറഞ്ഞത്. ഈ ആന്റിസിപ്പേറ്റഡ് വേക്കൻസീസ് റിപ്പോർട്ട് ചെയ്തതുകൊണ്ട് അല്ലെങ്കിൽ റാങ്ക്‌ലിസ്റ്റിന്റെ കാലാവധി നീട്ടിയതുകൊണ്ട് ആർക്കെങ്കിലും നിയമനം ലഭിക്കുമോ? ഉദാഹരണത്തിന് വിവരാവകാശ നിയമപ്രകാരം ശേഖരിച്ച ഒരു രേഖയാണ്. 2008-ൽ ആന്റിസിപ്പേറ്റഡ് വേക്കൻസി സംബന്ധിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് റിപ്പോർട്ട് ചെയ്തു. അവർ റിപ്പോർട്ട് ചെയ്തുകഴിഞ്ഞപ്പോൾ പി.എസ്.സി. അവരോട് പറഞ്ഞു ഇത് സ്വീകരിക്കണമെങ്കിൽ നിങ്ങൾ കൃത്യമായി ഇതിനകത്ത് പെർഫോർമയിലെ പതിനൊന്നാമത്തെ ഭാഗം, date

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

of occurrence of vacancy കൂടി ഫിൽ ചെയ്ത പെർഫോർമ കൊടുത്തെങ്കിൽ മാത്രമേ പി.എസ്.സി. അവർക്ക് നിയമനം നൽകുകയുള്ളു. അതിനുശേഷം വീണ്ടും ഇവർ എഴുതി, അതിനകത്ത് കൃത്യമായി പി.എസ്.സി. തിരിച്ചെഴുതി. നിങ്ങൾ ഡേറ്റ് ഓഫ് ഒക്കറൻസി കാണിച്ചെങ്കിൽ മാത്രമേ കഴിയുകയുള്ളു എന്ന് പറഞ്ഞു. ഏറ്റവും ഒടുവിൽ അവർ പി.എസ്.സി.യുടെ എല്ലാ കത്തിടപാടുകൾക്കും മറുപടി നൽകിക്കൊണ്ട് കോട്ടയത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുകാർ വീണ്ടും പി.എസ്.സി.ക്ക് സമർപ്പിച്ചു. അതിനകത്ത് ഞാൻ നോക്കി. Date of occurrence of vacancy കാണിച്ചിട്ടില്ല. പെൻഷൻ ഏകീകരണം നടപ്പിലാക്കിക്കഴിഞ്ഞാൽ ഏതെങ്കിലും വകുപ്പ് മേധാവിക്ക് കൃത്യമായി ഡേറ്റ് ഓഫ് ഒക്കറൻസി എപ്പോഴാണ് എൻട്രി കേഡറിൽ ഒഴിവ് വരുന്നതെന്ന് കാണിക്കാൻ കഴിയുകയില്ല. ആ സാഹചര്യത്തിൽ പെർഫോർമയിലെ 11-ാമത്തെ ഭാഗം വേക്കന്റായി ഇട്ടുകൊണ്ട് മാത്രമേ സമർപ്പിക്കാൻ കഴിയുകയുള്ളു. അങ്ങനെയുള്ളിടത്തോളം കാലം ഉദ്യോഗാർത്ഥികൾക്ക് നിയമനം കൊടുക്കാൻ കഴിയുകയില്ല. ഇന്ന് ഉദ്യോഗം ലഭിക്കേണ്ട ഒരാൾക്ക് ഉദ്യോഗം നിഷേധിച്ചത് അങ്ങാണ്. എന്തുകൊണ്ടാണ് ? അങ്ങയുടെ പെൻഷൻ ഏകീകരണം ഇല്ലായിരുന്നെങ്കിൽ റാങ്ക് ലിസ്റ്റിലുള്ള പതിനായിരക്കണക്കിന് ചെറുപ്പക്കാർക്ക് നിയമനം ലഭിക്കുമായിരുന്നു. അങ്ങയുടെ ഈ തീരുമാനം കൊണ്ട് നിയമനം ലഭിച്ചിട്ടില്ല. പകരം അങ്ങ് പറയുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയതുകൊണ്ടോ അല്ലെങ്കിൽ ആന്റിസിപ്പേറ്റഡ് വേക്കൻസി ഒരുമിച്ച് റിപ്പോർട്ട് ചെയ്തതുകൊണ്ടോ അവർക്ക് നിയമനം ലഭിക്കുന്നില്ല. അത്തരം സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഇതിന് ഒരു പരിഹാരം അങ്ങ് പറയുന്നില്ല. കഴിഞ്ഞ വർഷത്തെ അടിസ്ഥാനത്തിലാണെങ്കിൽ ജൂലൈ ആകുമ്പോൾ ഒരു കാർട്ടേർളിയുടേത് വരേണ്ടതായിരുന്നു. ഇപ്പോൾ അതും മാറ്റിയിരിക്കുകയാണ്. അതിനെ സംബന്ധിച്ചും കൃത്യമായി ഉത്തരം നൽകാൻ കഴിയുന്നില്ല. ഇവർക്ക് എന്ന് നിയമനം ലഭിക്കും എന്നതിനെ സംബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം ഒരു ചോദ്യം ചോദിച്ചപ്പോൾ അതിന് മറുപടി തന്നിരിക്കുന്നത് ഈ പ്രത്യേക ആവശ്യത്തിനായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള അധികാരം വകുപ്പദ്ധ്യക്ഷൻമാർക്ക് വികേന്ദ്രീകരിച്ച് നൽകിയിരുന്നു. അതുകൊണ്ട് നോഡൽ സെല്ലിന്റെ അനുമതി വീണ്ടും ആവശ്യമില്ല. ഇത് 4-7-2009-ന്റെ ഉത്തരവിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിന്റെ രണ്ടാം പാരഗ്രാഫിൽ രണ്ടാമതായി സൂചിപ്പിച്ചിട്ടുണ്ടെന്ന് വിവരാവകാശ നിയമ പ്രകാരം അവരുടെ വകുപ്പ് മറുപടി തന്നു. നോഡൽ സെല്ലിന്റെ ആവശ്യമില്ല. പക്ഷേ, ആ ഉത്തരവ് പരിശോധിക്കാനാണ്. പറഞ്ഞത്. ആ ഉത്തരവ് പരിശോധിച്ചപ്പോൾ In both the cases creation of the supernumerary posts will be intimated to the Nodal Cell in Finance Department. This delegated authority to the appointing authority, Head of the Department for creation of supernumerary posts, will be a special dispensation only for the limited purpose". വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി കേട്ട് ഉത്തരവ്

പരിശോധിക്കുമ്പോൾ അവിടെ നോഡൽ സെല്ലിന്റെ ആവശ്യത്തെക്കുറിച്ചാണ് പറയുന്നത്. ആവശ്യമില്ലെന്നല്ല പറയുന്നത്. ആ നോഡൽ സെൽ ഇന്ന് പ്രവർത്തിക്കുന്നുണ്ടോ ? ഇവിടെ നിയമന സ്തംഭനം ഉണ്ടായിരിക്കുകയാണ്. ഇനിയിപ്പോൾ ഈ കാലാവധിയെല്ലാം നീട്ടിയതിനുശേഷം പെൻഷൻ ഏകീകരണം കഴിഞ്ഞ് ഇനി നിയമനം നടത്തണം. 2011-ന്റെ പ്രത്യേകത തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരും. കഴിഞ്ഞ വർഷത്തെ പെൻഷൻ ഏകീകരണത്തിനുശേഷം പ്രൊമോഷൻ നടപടികൾ പൂർത്തിയാകാത്ത വകുപ്പ് അങ്ങയുടെ ട്രഷറി വകുപ്പാണ്. പ്രൊമോഷൻ നടപടി പൂർത്തിയാകാത്തതുകൊണ്ടാണ് സ്ഥിര നിയമനം കൊടുക്കാൻ കഴിയാത്തത്. 2009-10-ലെ നിയമനം ഇതുവരെ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഈ റാങ്ക് ലിസ്റ്റിലുള്ള കുട്ടികൾക്ക് ഇനി പൊതു പെരുമാറ്റ ചട്ടം വരുമ്പോൾ 2010-11-ലെ പെൻഷൻ ഏകീകരണം കഴിഞ്ഞ് എന്ന് നിയമനം ലഭിക്കും ? അവരുടെ അവകാശപ്പെട്ട നിയമനം നിഷേധിക്കുന്നതിൽ എന്തെങ്കിലും ന്യായമുണ്ടോ? ഉറക്കമിളച്ച് പകൽ രാത്രിയാക്കി പഠിച്ച് പരീക്ഷ പാസ്സായ അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക്, അവർക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾക്ക്, റാങ്ക് ലിസ്റ്റുകൾക്ക് കടലാസു കഷണങ്ങളുടെ വില പോലും ഇല്ലെന്ന് മനസ്സിലാക്കി ആത്മഹത്യയെപ്പറ്റി ചിന്തിച്ച് ആകാശത്തേക്ക് നോക്കി നിൽക്കുന്ന ഒരു ഗുരുതരമായ സാഹചര്യം ഈ സംസ്ഥാനത്തുണ്ട്. അത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളെല്ലാം അപ്രസക്തമാണെന്നല്ല എന്റെ വാദം. പ്രശ്നങ്ങളുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ ഡിപിസി. ലിസ്റ്റ് നേരത്തെ തയ്യാറാക്കിവച്ചില്ലെങ്കിൽ പ്രൊമോഷൻ നൽകുന്നതിന് പ്രയാസങ്ങൾ നേരിടും.അതുപോലെ വിവിധ ഡിപ്പാർട്ടുമെന്റുകൾ കൃത്യമായി സൂപ്പർന്യൂമററിതസ്തിക സൃഷ്ടിച്ച് അത് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം വന്നാൽ പ്രശ്നങ്ങളുണ്ടാകും. ഇതൊക്കെ കഴിഞ്ഞ വർഷത്തെ അനുഭവത്തിൽനിന്ന് നമുക്ക് ബോധ്യമായിട്ടുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നോഡൽ സെൽ അടക്കം ഈ പോരായ്മകൾ നികത്തുന്ന രീതിയിൽ സമഗ്രമായ ഉത്തരവ് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് എത്രയും പെട്ടന്ന് പുറത്തിറക്കുകയും സമയബന്ധിതമായി ഈ കാര്യങ്ങൾ നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി നോഡൽ സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യും. ആ ഉറപ്പ് സഭയിൽ നൽകുകയാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് പ്രതിപക്ഷവും അംഗീകരിക്കുമെന്ന് ഞാൻ കരുതുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കഴിഞ്ഞ വർഷം ശ്രീ. വി. ഡി. സതീശൻ ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചതിന് അങ്ങ് മറുപടി പറഞ്ഞപ്പോൾ കാട്ടിയ വാശിയും വീറുമൊന്നും ഈ പ്രാവശ്യമില്ല. അത് അനുഭവത്തിൽനിന്ന് അങ്ങ് പഠിച്ച പാഠമാണെന്നാണ് ഞാൻ ധരിക്കുന്നത്. അങ്ങ് പ്രശ്നം ലഘൂകരിക്കാൻ ശ്രമിച്ചു. 18,000 പേരാണുള്ളത്, അതിൽ 8,000 പേർ അദ്ധ്യാപകരാണ്, പതിനായിരത്തിൽ 6,035 വേക്കൻസിയുണ്ടാക്കി, ബാക്കി നാലായിരം വേക്കൻസി അവസാനത്തെ രണ്ടുമൂന്ന് മാസങ്ങളിലുണ്ടാകുന്നതാണ്. നമ്മുടെ സാധാരണയുള്ള കണക്ക് ഒരു വർഷം റിട്ടയർ ചെയ്യുന്നവരുടെ എണ്ണം 23,000-നും 25,000-നും മധ്യേയാണ്. അദ്ധ്യാപകർ കഴിഞ്ഞാൽ 17,000, 18,000 പോസ്റ്റുണ്ട്. അതിൽ 6,035 പേർക്കേ സൂപ്പർന്യൂമററി ആയിട്ടുള്ളു. എനിക്ക് ചോദിക്കാനുള്ളത്, 6,035 പേരിൽ ഏപ്രിൽ 1-ാം തീയതിക്കു മുമ്പ് നിങ്ങൾ എത്ര പേരെ നിയമിച്ചു ? ഞാൻ എന്റെ അറിവുവച്ച് പറയുകയാണ്. തെറ്റുണ്ടെങ്കിൽ അങ്ങ് തിരുത്തണം. 6,035 പേരിൽ ഒരാളെപ്പോലും ഏപ്രിൽ 1-ന് മുമ്പ് നിയമിച്ചിട്ടില്ല. പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടെങ്കിലും ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ ഒരു പ്രധാനപ്പെട്ട പോയിന്റുണ്ട്. പി.എസ്.സി.-യിൽനിന്ന് അഡ്വൈസ് അയയ്ക്കണമെന്നുണ്ടെങ്കിൽ ഒഴിവ് വന്നതായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണം. സൂപ്പർന്യൂമററി പോസ്റ്റ് ക്രിയേറ്റ് ചെയ്തതുകൊണ്ട് പി.എസ്.സി.-യിലേക്ക് ഒരുദ്യോഗസ്ഥനും ഞങ്ങൾക്ക് വേക്കൻസിയുണ്ട് ആളെ തരണമെന്ന് പറഞ്ഞ് റിപ്പോർട്ട് അയയ്ക്കാൻ സാധിക്കില്ല. അതിന് വ്യക്തമായ കോടതിവിധികളുണ്ട്. സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രാക്ടീസ് അതാണ്. റിട്ടയർമെന്റിന്റെ പേരിൽ ഒരൊറ്റ ഒഴിവുപോലും ഏപ്രിൽ 1-ാം തീയതി വരെ റിപ്പോർട്ട് ചെയ്യാനോ നിയമനം കൊടുക്കാനോ സാധിക്കാത്ത സ്ഥിതി വിശേഷമാണ് വന്നിരിക്കുന്നത്. ചെറുപ്പക്കാർക്ക് അവരുടെ നിയമനം ഒരുവർഷംവരെ വൈകുന്നുവെന്നുള്ള പരാതിയുണ്ട്. ഒരു വർഷക്കാലമായി ഉണ്ടായിട്ടുള്ള അനുഭവംവച്ചുകൊണ്ട് ഈ ക്രൂരത ഇവിടുത്തെ ചെറുപ്പക്കാരോട് തുടരരുത് എന്നാണ് അഭ്യർത്ഥിക്കാനുള്ളത്.ഈകാര്യത്തിൽക്കൂടി അങ്ങയുടെ പ്രതികരണം ഉണ്ടായാൽ കൊള്ളാം.

ഡോ. തോമസ് ഐസക് : ഞാൻ ചിരിച്ചില്ല, വാശികാണിച്ച് നിങ്ങളെ പ്രകോപിപ്പിച്ചില്ല അത് പരാതിയായി അങ്ങ് ഉന്നയിക്കരുത്. ഞാൻ വളരെ കൺസീഡ് ചെയ്ത് ചില പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞു. ആ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അത് പരിഹരിക്കുന്നതിനുള്ള നടപടി എടുക്കുമെന്നും സഭയ്ക്ക് ഉറപ്പുനൽകി. അങ്ങ് ചോദിച്ചതിന്റെ സ്പെസിഫിക് ഉത്തരം, ഞാൻ വേണമെങ്കിൽ എണ്ണം അന്വേഷിച്ച് പറയാം. പക്ഷേ, എനിക്കൊരു കാര്യം ഉറപ്പുണ്ട്, കാരണം ഞാനാണ് തൃശ്ശൂർ 'കില' യിൽ പുതുതായി നിയമിച്ചവരുടെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യേണ്ടിയിരുന്നത്. പക്ഷേ, എനിക്ക് പോകാൻ കഴിഞ്ഞില്ല. അതുകൊണ്ട് എനിക്ക് ഉറപ്പുണ്ട്, ഏപ്രിൽ 1-ാം തീയതിക്കുമുമ്പ് ആ നിയമനങ്ങൾ നടന്നിട്ടുണ്ട്. എത്രയെണ്ണം എന്നറിയില്ല, പക്ഷേ അത് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : പുതിയ ആളുകളെ എടുത്തിട്ടില്ലെന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ, അത് റിട്ടയർമെന്റ് വേക്കൻസിക്ക് എതിരായിട്ടല്ല. നിങ്ങൾ പുതുതായി ക്രിയേറ്റ് ചെയ്ത ഏതെങ്കിലും പോസ്റ്റിലേക്കുള്ള നിയമനത്തിന് വേണമെങ്കിൽ കിലയിൽ പരിശീലനം കൊടുത്തുകാണും. റിട്ടയർമെന്റ് ചെയ്തതിന്റെ പേരിലാണെങ്കിൽ മാർച്ച് 31-ാം തീയതിയേ വേക്കൻസി വരികയുള്ളൂ. ഏപ്രിൽ 1-ാം തീയതിയേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. അപ്പോൾ പിന്നെ എങ്ങനെയാണ് മാർച്ച് 31-ാം തീയതി വരാൻപോകുന്ന റിട്ടയർമെന്റിന്റെ പേരിൽ പി.എസ്.സി.-യിൽനിന്ന് പേരു വരുത്തി നിയമനം നടത്തും ? അതിന് എന്തെങ്കിലും തീരുമാനമുണ്ടായിരുന്നോ ?

ഡോ. തോമസ് ഐസക് : ആ പരിശീലന പരിപാടി സാധാരണഗതിയിൽ മുമ്പുവന്ന വേക്കൻസിയിൽ പുതിയ നിയമനത്തിന് ആയിരുന്നില്ല. സൃഷ്ടിക്കപ്പെട്ട സൂപ്പർന്യൂമററി തസ്തികയിലേക്ക് നിയോഗിച്ചവരെയാണ്. അതിന്റെ എണ്ണം എത്രയാണെന്ന് എനിക്ക് ഈ സമയത്ത് പറയാൻ കഴിയില്ല നാളെ പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി: നാളെ പറഞ്ഞാൽ മതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

III ശ്രദ്ധക്ഷണിക്കൽ

(1) മുല്ലപ്പെരിയാർ അണക്കെട്ട് ബലപ്പെടുത്തൽ

ശ്രീ. റോഷി അഗസ്റ്റിൻ : സർ, മുല്ലപ്പെരിയാർ അണക്കെട്ട് ബലപ്പെടുത്തേണ്ടതിന്റേയും സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കേണ്ടതിന്റേയും ആവശ്യകതയിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. മുല്ലപ്പെരിയാർ അണക്കെട്ടിനെ ചുറ്റിപ്പറ്റി വർഷങ്ങളായി നിലനിൽക്കുന്ന ഭയം ഓരോ മണിക്കൂർ പിന്നിടുന്തോറും ജനങ്ങളുടെ നെഞ്ചിടിപ്പ് വർദ്ധിപ്പിക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള സർക്കാരിന്റെ ധീരമായ ശ്രമങ്ങൾക്ക് എല്ലാവരുടേയും പിന്തുണയുണ്ട്. ഇക്കാര്യത്തിൽ ജാഗ്രത കാണിക്കുന്ന ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രിയുടെ കർമ്മോത്സുകതയെ അഭിനന്ദിക്കുകയാണ്. ഇപ്പോൾ നടത്തി വരുന്ന ഉജ്വലമായ നിയമപോരാട്ടങ്ങൾ ആശാവഹമാണ്. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ കഴിയുമെന്നുതന്നെ നമുക്ക് പ്രത്യാശിക്കാം. സുർക്കിയിൽ പണിതുയർത്തിയ 114 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം ഇന്നും അപകട ഭീഷണിയുയർത്തി നിൽക്കുന്ന സാഹചര്യത്തിൽ ഭയചകിതരായി നിൽക്കുന്ന ജനങ്ങളെ നമുക്ക് കുറ്റപ്പെടുത്താൻ കഴിയില്ല. സുർക്കിയിൽ പണിതിട്ടുള്ള ഡാമുകളിൽ മുല്ലപ്പെരിയാർ ഡാമല്ലാതെ മറ്റൊരു ഡാമും ലോകത്ത് നിലനിൽക്കുന്നില്ല എന്ന യാഥാർത്ഥ്യം മുന്നിൽ കാണണം. 20-ാം